**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

നം: ഇഎസ്1-2113/2026/ആവഡ തീയതി: 28-01-2026

**സർക്കുലർ**

വിഷയം:- ആവഡ- ജീവനക്കാര്യം - 2026 വർഷത്തിൽ സീനിയർ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് തസ്തികയിൽ ഡിപ്പാർട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടുന്നത് - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- കുറിപ്പ് നം. ആവഡ-30854/2025-ഇഡി3 തീയതി. 24/12/2025

ആരോഗ്യ വകുപ്പിൽ 2026 വർഷത്തിൽ സീനിയർ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകുന്നതിനായി ഡിപ്പാർട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി നിലവിൽ ആരോഗ്യ വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റുമാരായി സേവനമനുഷ്ഠിക്കുന്നവരിൽ അക്കൗണ്ട് ടെസ്റ്റ് (ഹയർ) യോഗ്യതയുള്ളവർ 2023, 2024, 2025 എന്നീ കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പും അക്കൗണ്ട് ടെസ്റ്റ് (ഹയർ) പാസ്സായ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അച്ചടക്ക നടപടികൾ നിലവിലുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും അച്ചടക്ക നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവുകളും ഉൾപ്പെടെ 07/02/2026 നു മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അതാത് സ്ഥാപനങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം കാലയളവ് രേഖപ്പെടുത്തിയ സെൽഫ് അസ്സസ്സ്മെന്റ് പ്രത്യേകം സമർപ്പിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന് മുകൾ ഭാഗത്തായി അവരവരുടെ PEN, മൊബൈൽ നമ്പർ എന്നിവ കൂടി രേഖപ്പെടുത്തേണ്ടതാണ്. 2023, 2024 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളവർ ആ വിവരം കൂടി അറിയിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ മേൽ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ

റിപ്പോർട്ട്, മറ്റു അനുബന്ധരേഖകളും വാങ്ങി പരിശോധിച്ച് ആയത് പൂർണ്ണമാണെന്ന് ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ ഈ ഓഫീസിൽ അയയ്ക്കുവാൻ പാടുള്ളൂ. നിശ്ചിത സമയത്തിനുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനാൽ ഏതെങ്കിലും ഓഫീസർമാരെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ആഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

Signed by Binu S
Date: 28-01-2026 12:56:48

**സീനിയർ സൂപ്രണ്ട്**
**ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇ ഡി സെക്ഷൻ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ